## വഴിവെളിച്ചം

# കൈയഴിച്ചിടുക; പിറകിൽ കെട്ടരുത്

عَن أَبِى هُرَيرَة رَضِي اللَّهُ عَنهُ قَالَ: قَال رَسُولُ اللَّهِ ﷺ: مَا مِن يَوْمٍ يَصْبَحُ العِبَادُ الا مَلَكَانِ يَنْزِلَان فَيَقُولُ أحَدُهُمَا: اللّهُمّ اعْطِ مُنْفِقًا خَلَفًا وَيَقُول الآخَرُ: اللّهُمَّ اعْطِ مُمْسِكًا تَلفًا

**അബൂഹുറയ്റയിൽനിന്ന്: നബി(സ) പറഞ്ഞു: അല്ലാഹുവിന്റെ അടിയാറുകളുടെ ഓരോ ദിവസവും രണ്ട് മലക്കുകൾ ഇറങ്ങിവരും. അതിലൊരാൾ പ്രാർഥിക്കും: അല്ലാഹുവേ, ചെലവഴിക്കുന്നവനു നീ വീണ്ടും വർധിപ്പിക്കേണമേ. രണ്ടാമന്റെ പ്രാർഥന ഇങ്ങനെ: അല്ലാഹുവേ, ലുബ്ധ് കാണിക്കുന്നവനു നീ നാശം വിതക്കേണമേ** (ബുഖാരി, മുസ്‌ലിം).

**കൈയയച്ച്** സഹായവും സംഭാവനകളും നൽകാൻ കഴിയും വിധം മനസ്സിനെ പാകപ്പെടുത്തുകയും സംസ്കരിക്കുകയും ചെയ്യണമെന്നാണ് ഖുർആനും നബിചര്യയും നമ്മെ ഉദ്ബോധിപ്പിക്കുന്നത്. രഹസ്യമായും പരസ്യമായും രാവും പകലും ചെലവഴിക്കുന്നവർക്കു ഉത്തമമായ പ്രതിഫലമുണ്ടെന്നും, അല്ലാഹുവിന് കടം കൊടുക്കുന്നവർക്ക് അനേകം ഇരട്ടിയായി അത് തിരിച്ചുനൽകപ്പെടുമെന്നും ഖുർആൻ പഠിപ്പിക്കുന്നുണ്ട്. ഈ നിലപാടിന് പ്രോത്സാഹനം നൽകുന്ന ഒരു നബിവചനമാണിത്. ഇതേ ആശയമുള്ള ചില നബി വചനങ്ങൾ കൂടി കാണുക: 1. “തന്റെ കൈയിൽ മിച്ചം (അധികം) വാഹന സൗകര്യമുള്ളവർ ആ സൗകര്യമില്ലാത്തവർക്കതു നൽകട്ടെ. ആവശ്യം കഴിച്ച് ആഹാരം കൈവശമുള്ളവർ വിശക്കുന്നവനത് നൽകട്ടെ.” മിച്ചമുള്ള ഒന്നിലും ഞങ്ങൾക്ക് യാതൊരവകാശവുമില്ലെന്നാണ് ഈ നിർദേശത്തിൽനിന്ന് ഞങ്ങൾ മനസ്സിലാക്കിയത് (അബൂദാവൂദ്). 2. അല്ലാഹു ദാനധർമത്തെ സ്വീകരിച്ച് അതിനെ വളർത്തിക്കൊണ്ടിരിക്കും. എത്രത്തോളമെന്നാൽ ഒരു ഉരുള, ഉഹ്ദ് മലപോലെയായി നാളെ മടക്കിനൽകും (തിർമിദി). 3. വെള്ളം തീയെ കെടുത്തും പോലെ ദാനധർമം തെറ്റുകളെ മായ്ച്ചുകളയും. 4. രഹസ്യദാനം റബ്ബിന്റെ കോപത്തെ തണുപ്പിക്കുകയും മരിച്ചവരുടെ പ്രയാസങ്ങൾ തടുക്കുകയും ചെയ്യും 5. മനുഷ്യപുത്രാ, ചെലവഴിക്കൂ. നിനക്കുവേണ്ടിയും ചെലവഴിക്കപ്പെടും (ഹദീസ് ഖുദ്സി).

പണം ചെലവഴിക്കാതെ കെട്ടിപൂട്ടി വെക്കുന്നവൻ ഇഹത്തിലെയും പരത്തിലെയും ഈ മഹത്തായ പ്രതിഫലം സ്വയം നിഷേധിക്കുകയാണ് ചെയ്യുന്നത്. ഉദാരൻ അല്ലാഹുവുമായും മനുഷ്യരുമായും അടുത്ത സമ്പർക്കം പുലർത്തുമ്പോൾ, ലുബ്ധൻ അല്ലാഹുവിൽ നിന്നും ജനങ്ങളിൽ നിന്നും അകന്നകന്ന് നരകത്തോട് അടുക്കുകയാണ് ചെയ്യുന്നത്. “ഒരു കാരക്ക ചീന്തുകൊണ്ടെങ്കിലും നീ നരകത്തെ തടുക്കുക, അതുമില്ലെങ്കിൽ നല്ല വാക്കുകൾ കൊണ്ട്” എന്ന നബിവചനവും ശ്രദ്ധേയമാണ്. പട്ടിണി കിടക്കുന്നവന് വിശപ്പടങ്ങും വരെ ഭക്ഷണവും ദാഹം മാറും വരെ വെള്ളവും നൽകുന്നവനെ അല്ലാഹു നരകത്തിൽനിന്ന് ഏഴ് കിടങ്ങ് അകലത്തിൽ അകറ്റുന്നതാണ്. ഓരോ കിടങ്ങിനുമിടയിൽ അഞ്ഞൂറ് വർഷത്തെ അകലമുണ്ടാകും. ഉയർന്ന (കൊടുക്കുന്ന) കൈ, താഴ്ന്ന (വാങ്ങു

ന്ന) കൈയേക്കാൾ ഉത്തമമാണ് എന്നത്രെ മറ്റൊരു അധ്യാപനം.

ബുഖ്ല്, ശുഹ്ഹ് എന്നിവക്കു പുറമെ പിശുക്കിനെ കുറിക്കാൻ 'ഇഖ്താർ' എന്ന പദവും ഖുർആൻ പ്രയോഗിക്കുന്നുണ്ട്. അവർ ചെലവഴിക്കുമ്പോൾ ധൂർത്തടിക്കുകയോ ലുബ്ധ(*വലം യഖ്തുറൂ*)രാവുകയോ ഇല്ല. പ്രത്യുത അവരുടെ ചെലവുകൾ ഈ രണ്ടറ്റങ്ങൾക്കുമിടയിൽ മിതസ്വഭാവത്തിലുള്ളതായിരിക്കും (*അൽ ഫുർഖാൻ* 67). ജീവിതം ദുസ്സഹമാക്കുക എന്നാണ് ഇഖ്താറിന്റെ ഒരർഥം. നിർബന്ധമായി ചെയ്യേണ്ട കാര്യത്തിലും അനുവദനീയവും അഭികാമ്യവുമായ വിഷയത്തിലുമെല്ലാം ചിലർ പിശുക്ക് (ഇഖ്താർ) കാണിച്ചു കളയാറുണ്ട്. കുടുംബത്തിന്റെ ഭക്ഷണം, പാർപ്പിടം ഉൾപ്പെടെയുള്ള അടിസ്ഥാന കാര്യങ്ങളിൽ കാണിക്കുന്ന പിശുക്കാണ് നിർബന്ധ കാര്യത്തിലെ ഇഖ്താറിനു ഉദാഹരണം. അങ്ങാടിയിൽനിന്ന് വാങ്ങി ഉപയോഗിക്കാവുന്ന വസ്തുക്കൾ കഴിവുണ്ടായിട്ടും വാങ്ങാതിരിക്കുന്നതാണ് അനുവദനീയത്തെ വിലക്കുന്ന ഇഖ്താർ. കുടുംബിനികൾക്കു ആവശ്യമുള്ള ചില്ലറ സാമഗ്രികൾ അവർക്ക് എത്തിച്ചു കൊടുക്കാതിരിക്കുന്നത് അഭികാമ്യമായ വിഷയത്തിൽ കാണിക്കുന്ന പിശുക്കിനു ഉദാഹരണമാണ്. സ്വന്തത്തിന് ധനം ചെലവഴിക്കാതിരക്കലാണ് ശുഹ്ഹ്. മറ്റുള്ളവർക്കുവേണ്ടി ചെലവിടാതിരിക്കൽ ബുഖ്ലും. അല്ലാഹു നിർബന്ധമായും ചെലവഴിക്കാൻ പറഞ്ഞ കാര്യങ്ങൾക്കു പണം ഇറക്കാതിരിക്കുന്നത് കുറ്റാർഹമാണ്. ഏത് കാര്യത്തിലും ആത്യന്തിക നിലപാട് ഉണ്ടാവരുത്. ഉദാരതയുടെ നേർ എതിർവശത്താണ് പിശുക്കിന്റെ നിൽപ്. അതിന്റെ മറുതലയാണ് ഇസ്റാഫ് (ധാരാളിത്തം). അത്യാർത്തി, കിട്ടിയത് പോര് എന്ന തോന്നൽ, അനാവശ്യമായി അധികം സമ്പാദിക്കാനുള്ള ത്വര തുടങ്ങി മനസ്സിനെ ബാധിക്കുന്ന രോഗങ്ങളൊക്കെ പിശുക്ക് കാരണം ഉണ്ടാകുന്നതാണ്. ദുർബലമായ ഈമാൻ, മറ്റുള്ളവർക്കു അവകാശപ്പെട്ടത് കൊടുക്കാതിരിക്കൽ തന്റെ സാമർഥ്യമാണെന്ന ധാരണ, ഭാവിയെ സംബന്ധിച്ച അനാവശ്യ ഭീതി, പരലോക വിചാരണയെ കുറിച്ച ചിന്തയില്ലായ്മ ഇതൊക്കെ നിങ്ങളെ പിശുക്കനാക്കും. അനുവദനീയമായ സൗകര്യങ്ങൾ സ്വന്തത്തിന് പോലും വിലക്കി, ജനങ്ങളുടെ വെറുപ്പും അവരുടെ ശാപ പ്രാർഥനയും സമ്പാദിച്ചാണ് പിശുക്കന് ജീവിക്കേണ്ടി വരിക. പരലോകത്താവട്ടെ അത് വലിയൊരു നഷ്ടക്കച്ചവടമായി തീരുകയും ചെയ്യും. അതിനാൽ കൈയഴിച്ചിടുക; പിറകിൽ കെട്ടരുത്. ■

**റഫീഖുർറഹ്മാൻ മൂഴിക്കൽ**